**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 377** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഭൂരേഖകളുടെ കൃത്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീ ഒ . ആർ. കേളു<br>ശ്രീ എം നൗഷാദ് ,<br>ശ്രീ ജി സ്റ്റീഫൻ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂരേഖകളുടെ കൃത്യതയ്ക്ക് എല്ലാ ഭൂവുടമകളുടെയും തണ്ടപ്പേർ നമ്പർ ആധാരവുമായി ലിങ്ക് ചെയ്യാനുള്ള പദ്ധതി സംസ്ഥാനത്ത് പ്രാവർത്തികമായിട്ടുണ്ടോ; പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനം മുഴുവൻ ബാധകമാകുന്ന രീതിയിൽ ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് 12/02/2020 ലെ സ.ഉ (സാധാ)നം. 552/2020/റവ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ യുണീക് തണ്ടപ്പേരിന്റെ Key Identifier ആയി ആധാർ seed ചെയ്യുന്നതിനായി യുണീക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യയുടെ സംസ്ഥാന നോഡൽ ഏജൻസിയായ കേരള ഐ.റ്റി. മിഷനുമായി ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തു. ആധാർ Sub AUA (Sub Authenticating Agency) ആയി റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തുന്നതിനുള്ള അപേക്ഷയും അണ്ടർടേക്കിംഗും ഐ.റ്റി. മിഷൻ മുഖേന UIDAI യ്ക്ക് അയച്ചിട്ടുണ്ട്. ടി അനുമതി ലഭ്യമായാൽ ഉടൻ ഓൺലൈനായി ഭൂമി കൈമാറ്റ നടപടികൾ ചെയ്യുന്നതിന് നിലവിൽ ഉപയോഗത്തിലുള്ള റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിൽ (ReLIS) ആവശ്യമായ സോഫ്റ്റ് വെയർ അപ്ഡേഷൻ ചെയ്യുന്നതിന് NIC യുടെ സ്റ്റേറ്റ് ഇൻഫോമാറ്റിക്സ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. സംസ്ഥാനത്ത് എല്ലാ ഭൂവുടമകളുടെയും തണ്ടപ്പേർ വിവരങ്ങൾ ആധാർ നമ്പർ ഉൾപ്പെടുത്തി ലിങ്ക് ചെയ്യുകയും തുടർന്ന് കംപ്യൂട്ടർ അധിഷ്ഠിതമായ ഒരു പ്രത്യേക തണ്ടപ്പേർ നമ്പർ അനുവദിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. അതുവഴി ഒരു ഭൂവുടമയുടെ പേരിൽ സംസ്ഥാനത്തുള്ള മുഴുവൻ ഭൂമിയുടെയും വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒരു തണ്ടപ്പേരിൽ ലഭ്യമാവുകയും ആയത് വഴി ജനങ്ങൾക്ക് സുഗമവും സുതാര്യവുമായി |

| | | | |
|---|---|---|---|
| | | | ഭൂമി സംബന്ധമായ ഇടപാടുകൾ നടത്തുന്നതിനും സാധിക്കും. |
| (ബി) | ഭൂമി സംബന്ധമായി റവന്യൂ രജിസ്ട്രേഷൻ വകുപ്പുകളിലെ സോഫ്റ്റ്‌വെയർ ബന്ധിപ്പിച്ച് ആധാരം രജിസ്റ്റർ ചെയ്യുന്നതോടൊപ്പം തന്നെ ഓൺലൈനായി പോക്കുവരവും സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഭൂമി സംബന്ധമായി റവന്യൂ രജിസ്ട്രേഷൻ വകുപ്പുകളിലെ സോഫ്റ്റ്വെയർ ബന്ധിപ്പിച്ച് ആധാരം രജിസ്റ്റർ ചെയ്യുന്നതോടൊപ്പം തന്നെ ഓൺലൈൻ ആയി പോക്കുവരവ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഭൂനികുതി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്ത് ഓൺലൈനായി നികുതി അടയ്ക്കാനുള്ള സംവിധാനം പൂർണ്ണമായും പ്രാവർത്തികമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ 1666 വില്ലേജുകളിൽ 1656 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകളും, 1607 വില്ലേജുകളിലെ തണ്ടപ്പേർ രജിസ്റ്ററുകളും ഡിജിറ്റൈസ് ചെയ്ത് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന പോർട്ടൽ മുഖേന ഓൺലൈനായി പോക്കുവരവും ഭൂനികുതി സ്വീകരിക്കുന്നതിനുമുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ